<u>ഭരണഭാഷ-മാതൃഭാഷ</u>

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
(ഹയർസെക്കന്ററി വിഭാഗം)
ജഗതി, തിരുവനന്തപുരം
**E-mail–dirdhse.dge@kerala.gov.in**
**Phone No 0471 2280759**

നമ്പർ : **HSE/3693/2025-Ad C6** തീയതി : **29-04-2025**

# <u>സർക്കുലർ</u>

വിഷയം: പൊതുവിദ്യാഭ്യാസ വകുപ്പ്, ഹയർ സെക്കൻഡറി വിഭാഗം-പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കൻഡറി വിഭാഗം -സർക്കാർ ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകരുടെ **2025-26** അധ്യയന വർഷത്തെ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നത് - ഡിസെബിലിറ്റി സർട്ടിഫിക്കറ്റ്, പ്രൊഫൈൽ വിവരങ്ങൾ തിരുത്തൽ തുടങ്ങിയവയിൽ വ്യക്തത വരുത്തുന്നത് സംബന്ധിച്ച്.

സൂചന പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **26.04.2025**-ലെ **HSE/3693/2025-AdC6** നമ്പർ സർക്കുലർ

**2025-26** അധ്യയന വർഷത്തെ പൊതുസ്ഥലം മാറ്റം നടത്തുന്നതിന്റെ ഭാഗമായി പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നതുമായി ബന്ധപ്പെട്ട് സൂചനയിലെ സർക്കുലർ മുഖാന്തിരം നിർദ്ദേശങ്ങൾ നൽകിയിരുന്നു. പ്രസ്തുത സർക്കുലറിൽ താഴെപ്പറയുന്ന കാര്യങ്ങളിൽ വ്യക്തത വരുത്തുന്നു.

(1)<u>പ്രൊഫൈൽ അപ്ഡേറ്റുമായി ബന്ധപ്പെട്ട വിവരങ്ങൾ കൃത്യമാക്കുക</u>

**a)** സൂചന സർക്കുലറിലെ ഖണ്ഡിക 2(d) പ്രകാരം തിരുത്തൽ വരുത്തുന്നതിനായി ഹയർസെക്കൻഡറി ഡയറക്ടറേറ്റിലേക്ക്/കൈറ്റിലേക്ക് നേരിട്ടെത്തി അപേക്ഷ സമർപ്പിക്കുവാനുള്ള സമയം **മെയ് 2 തീയതി** വരെ ദീർഘിപ്പിച്ചിരിക്കുന്നു. ഏപ്രിൽ 30-ന് ജഗതിയിലുള്ള ഹയർസെക്കന്ററി ഡയറക്ടറേറ്റിലും മെയ് 2-ന് പൂജപ്പുരയിലുള്ള കൈറ്റിന്റെ ഹെൽപ്പ് ഡെസ്കിലുമാണ് നേരിട്ടെത്തേണ്ടത്. അപൂർണവും തെറ്റായതുമായ വിവരങ്ങൾ പ്രൊഫൈലിൽ നൽകുക, നൽകിയ വിവരങ്ങൾ confirm ചെയ്യാതിരിക്കുക തുടങ്ങിയവ പിശകുകൾ പരിഹരിക്കാനാണ് ഈ സൗകര്യം ഒരുക്കിയിരിക്കുന്നത്.

**b)** Profile update പൂർത്തിയായി Transfer പ്രക്രിയ ആരംഭിച്ചതിനാൽ സാങ്കേതികമായി ഇനി പ്രിൻസിപ്പാളിന്/അധ്യാപകർക്ക് പ്രൊഫൈൽ അപ്ഡേറ്റ് സൗകര്യം ഒരുക്കാൻ സാധ്യമല്ല. അതിനാൽ ബന്ധപ്പെട്ട മുഴുവൻ രേഖകളും, അപേക്ഷയോടൊപ്പം ഡയറക്ടറേറ്റിന്റെ പരിശോധനയ്ക്കായി ലഭ്യമാക്കണം.

**c)** മേൽസാഹചര്യത്തിൽ നേരിട്ടുവരാതെ ഹെൽപ്പ് ഡെസ്ക് നമ്പർ/ഇ-മെയിൽ വഴിയോ, അല്ലാതെയോ വരുന്ന തിരുത്തൽ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

**(2)** <u>**മെഡിക്കൽ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ്**</u>

**a)** പെർമനൻ്റ് ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് ഉള്ളവർ പുതിയ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതില്ല. ടിയാളുകൾക്ക് നിലവിലുള്ള ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് മുഖേന അപേക്ഷ സമർപ്പിക്കേണ്ടതും സൂചന സർക്കുലറിൽ പരാമർശിച്ച പ്രകാരം പ്രസ്തുത രേഖകൾ 05.05.2025-ന് 4.00 മണിക്ക് മുമ്പായി പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

**b)** നിലവിൽ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുവാൻ പ്രയാസമുള്ളവർ അതിന്റെ കാരണം കാണിച്ച് ബന്ധപ്പെട്ട പ്രിൻസിപ്പാളുകൾക്ക് അപേക്ഷ സമർപ്പിക്കേണ്ടതും പ്രിൻസിപ്പാളുകൾ

പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് ബോധ്യപ്പെടുന്ന പക്ഷം പ്രസ്തുത അപേക്ഷയിൽ കൗണ്ടർ സൈൻ ചെയ്ത് ടി. അപേക്ഷയോടൊപ്പം ടിയാളുകളുടെ കൈവശമുള്ള ഡിസെബിലിറ്റി സർട്ടിഫിക്കറ്റ്/മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് സഹിതം രേഖകൾ ട്രാൻസ്ഫർ പോർട്ടലിൽ അപ്‌-ലോഡ് ചെയ്യേണ്ടതും സൂചന സർക്കുലറിൽ പരാമർശിച്ച പ്രകാരം പ്രസ്തുത രേഖകൾ **05.05.2025**-ന് **4.00** മണിക്ക് മുമ്പായി പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. ഏറ്റവും പുതിയ സർട്ടിഫിക്കേറ്റ് ലഭ്യമാകുന്ന മുറക്ക് സമർപ്പിക്കേണ്ടതാണ്.

**(3)** ട്രാൻസ്ഫർ അപേക്ഷകൾ സ്വീകരിച്ചതിന് ശേഷം അവയുടെ പ്രോസസിംഗ് പൂർത്തിയാക്കി പരിശോധനയ്ക്കായി **Provisional Rank List** പ്രത്യേകം പ്രസിദ്ധീകരിക്കുന്നതാണ്. ട്രാൻസ്ഫറിന്റെ ഏതെങ്കിലും ഘട്ടത്തിൽ കൃത്യമായ വിവരങ്ങൾ സമയത്ത് അധ്യാപകർ/പ്രിൻസിപ്പാൾമാർ നൽകാത്തതുമൂലം അധ്യാപകരുടെ സേവന കാലയളവിൽ കുറവായി വരുന്ന സാഹചര്യത്തിൽ ആ ദൈർഘ്യം അതുപോലെ (മാറ്റം വരുത്താതെ) തന്നെ പരിഗണിക്കുന്നതാണ്. ട്രാൻസ്ഫർ പ്രക്രിയ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിനാൽ ഇക്കാര്യത്തിൽ ഇനി തിരുത്താൻ സാങ്കേതികമായി സാധ്യമല്ലാത്തതുകൊണ്ടാണ് ഇപ്രകാരം ചെയ്യുന്നത്. എന്നാൽ തെറ്റായ വിവരങ്ങൾ നൽകിയതുവഴി ഏതെങ്കിലും അധ്യാപകന് **undue advantage** ഉണ്ടാകുന്നപക്ഷം അവരുടെ കാര്യത്തിൽ കർശന നടപടി സ്വീകരിക്കുന്നതാണ്

Signed by
Santhosh Kumar .r
Date: 20-04-2025 18:31:3

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**